(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി സഹകരണ വകുപ്പിൽ നടപ്പിലാക്കിക്കഴിഞ്ഞ പ്രധാന പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) (1) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

(2) സഹകരണ ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പകളുടെ പലിശ നിരക്ക് 25000 രൂപ വരെയുള്ളത് 8.5 ശതമാനമായും അതിന് മുകളിലുള്ളത് 9 ശതമാനമായും കുറയ്ക്കുകയുണ്ടായി.

(3) കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) ആക്ട്, 2001 പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നു.

(4) കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) ആക്ട്, 2001 പ്രകാരം വയനാട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് നടപ്പാക്കിവരുന്നു.

(5) കാർഷിക വായ്പയ്ക്ക് വായ്പാ തുകയുടെ ഒരു ശതമാനമായി ഓഹരി അനുപാതം കുറയ്ക്കുകയുണ്ടായി.

(6) അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം നടപ്പിലാക്കിവരുന്നു.

(7) കിസാൻ ക്രഡിറ്റ് കാർഡ് സ്കീം നടപ്പിലാക്കിവരുന്നു.

(8) കാർഷിക ഉൽപന്നങ്ങളുടെ സംഭരണവും, വിൽപ്പനയും കയറ്റുമതിയും ത്വരിതപ്പെടുത്തുന്നതിന് കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും റബ്കോയും അഗ്രീൻകോയും നടപടി സ്വീകരിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

സഹകരണ സംഘം പ്രവർത്തനത്തിന് പുതിയ പ്രവൃത്തി മേഖലകൾ

130 [587] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ നിലനിൽപ്പിന് ആധാരമായി പ്രവർത്തിക്കുവാൻ കഴിയുന്ന പുതിയ മേഖലകൾ കണ്ടെത്തുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) സംസ്ഥാനത്തെ സഹകരണ ആശുപത്രി, ഡിസ്പെൻസറി, സംഘങ്ങൾ എന്നിവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും, പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ചിരുന്ന കമ്മിറ്റിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി ?

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ അങ്ങനെ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധികൾ

131 [588] ശ്രീ. വി. കെ. ചന്ദ്രൻ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ :

,, പി. ജയരാജൻ :

,, എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ഇപ്പോൾ നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം എത്ര ;

(സി) നഷ്ടം വരുന്നതിനിടയാക്കിയ കാരണങ്ങൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) വായ്പാ കുടിശ്ശികക്കാരുടെ വൺടൈം സെറ്റിൽമെന്റ്, കാർഷിക കടാശ്വാസം തുടങ്ങി യു.ഡി.എഫ്. സർക്കാർ പ്രഖ്യാപനം നടത്തിയ സ്കീമുകൾ നടപ്പിലാക്കിയത് വഴി സംസ്ഥാനത്തെ വായ്പാ സംഘങ്ങൾക്കുണ്ടായ ബാധ്യത മൊത്തം എത്ര കോടി വരുമെന്ന് വിശദമാക്കാമോ; ഇവ സർക്കാർ ഏത് തീയതിയ്ക്കകം കൊടുത്തു തീർക്കും ;

(ഇ) വൺടൈം സെറ്റിൽമെന്റ് സ്കീം നടപ്പിലാക്കുന്നതിന് സർക്കാരിന് മൊത്തം എന്ത് തുക ചെലവ് വന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി) 888.

(സി) നഷ്ടം വരുന്നതിന് ഇടയാക്കിയ കാരണങ്ങളെ സംബന്ധിച്ച് പൊതുവായ പരിശോധന സർക്കാർ നടത്തിയിട്ടില്ല. എന്നാൽ ഓരോ ജില്ലയിലും അത്തരം സംഘങ്ങളെ സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ച് ആഡിറ്റ് വേളയിൽ വിശകലനം ചെയ്യാറുമുണ്ട്.

(ഡി) വൺടൈം സെറ്റിൽമെന്റ് സ്കീം പ്രകാരം സംഘങ്ങൾ/ബാങ്കുകൾ 199.02 കോടി രൂപയുടെ ഇളവ് അംഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. കാർഷിക കടാശ്വാസ പദ്ധതി പ്രകാരം ആകെ 39.07 കോടി രൂപ നൽകിയിട്ടുണ്ട്. 6 മാസത്തേയും

LIBRARY ARCHIVES Kerala Legislative Assembly